ഭരണഭാഷ-മാതൃഭാഷ

# അച്ചടി വകുപ്പ് ഡയറക്ടറുടെ നടപടിക്രമം

(ഹാജർ. എ.ജയിംസ് രാജ്)

തിരുവനന്തപുരം

നമ്പർ. 8131/2020/ഇ 4/ഡിപി തീയതി. 17.07.2020

വിഷയം:- അച്ചടി വകുപ്പ് - ജീവനക്കാര്യം - ഓഫ്സെറ്റ് പ്രിന്റിംഗ് സൂപ്പർവൈസർ – സ്ഥാനക്കയറ്റം നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:-

1) അച്ചടി വകുപ്പ് ഡയറക്ടറുടെ 04.07.2019-ലെ 5515/17/ഇ 8/ഡിപി നമ്പർ സീനിയോറിറ്റി ലിസ്റ്റ്.

2) അച്ചടി വകുപ്പ് ഡയറക്ടറുടെ 21.05.2020-ലെ 7297/2020/ഇ 4/ഡിപി നമ്പർ ഉത്തരവ്.

3) കോഴിക്കോട് ഗവൺമെന്റ് പ്രസ്സ് ഡെപ്യൂട്ടി സൂപ്രണ്ടിന്റെ 20.05.2020-ലെ 506/2020/ജിപികെ.2 നമ്പർ കത്ത്.

4) മണ്ണന്തല ഗവൺമെന്റ് പ്രസ്സിലെ സീനിയർ ഫോർമാനായ ശ്രീ.ഇ.വി.പ്രസാദിന്റെ 01.06.2020-ലെ അപേക്ഷ.

5) തിരുവനന്തപുരം ഗവൺമെന്റ് സെൻട്രൽ പ്രസ്സ് ഡെപ്യൂട്ടി സൂപ്രണ്ട് (ജനറൽ) ന്റെ 09.06.2020-ലെ 8542/2020/ജിസിപി.ഇ 4 നമ്പർ കത്ത്.

6) തിരുവനന്തപുരം സർക്കാർ മുദ്രനിർമ്മാണശാല ഡെപ്യൂട്ടി സൂപ്രണ്ടിന്റെ 10.06.2020-ലെ 597/2020/എസ്.എം.6 നമ്പർ കത്ത്.

7) തിരുവനന്തപുരം ഗവൺമെന്റ് സെൻട്രൽ പ്രസ്സ് സീനിയർ ഫോർമാനായ ശ്രീമതി.പി.ബി.ശാലിനിയുടെ 26.06.2020-ലെ അപേക്ഷ.

## ഉത്തരവ്

അച്ചടി വകുപ്പിന് കീഴിലുള്ള മണ്ണന്തല ഗവൺമെന്റ് പ്രസ്സിലെ ഓഫ്സെറ്റ് പ്രിന്റിംഗ് സൂപ്പർവൈസറായ ശ്രീ.ബി.ഗോപകുമാർ 31.05.2020-ന് സർവ്വീസിൽ നിന്നും പെൻഷൻ പറ്റി പിരിയുന്നതിന് മുന്നോടിയായി 11.05.2020 മുതൽ 31.05.2020 വരെ 21 ദിവസത്തേയ്ക്ക് പരാമർശം (2) പ്രകാരം എൽ.പി.ആർ.-ൽ പ്രവേശിച്ചതിനെ തുടർന്ന് മണ്ണന്തല ഗവൺമെന്റ് പ്രസ്സിലും, വാഴൂർ ഗവൺമെന്റ് പ്രസ്സിലെ ഓഫ്സെറ്റ് പ്രിന്റിംഗ് സൂപ്പർവൈസറായ ശ്രീ.പി.എൻ.ജിനചന്ദ്രൻ 31.05.2020-ന് സർവ്വീസിൽ നിന്നും വിരമിച്ചതിനെ തുടർന്ന് വാഴൂർ ഗവൺമെന്റ് പ്രസ്സിലും ഓഫ്സെറ്റ് പ്രിന്റിംഗ് സൂപ്പർവൈസർമാരുടെ ഓരോ ഒഴിവ് വീതം നിലവിലുണ്ട്. നിലവിൽ മണ്ണന്തല ഗവൺമെന്റ് പ്രസ്സിലെ സീനിയർ ഫോർമാനായ

ശ്രീ.ഇ.പി.പ്രസാദിനെ മണ്ണന്തല ഗവൺമെന്റ് പ്രസ്സിലെ ഓഫ്സെറ്റ് പ്രിന്റിംഗ് സൂപ്പർവൈസറുടെ ഒഴിവിലേയ്ക്ക് പരിഗണിക്കണമെന്നാവശ്യപ്പെട്ട് പരാമർശം (4) പ്രകാരം അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. കോഴിക്കോട് ഗവൺമെന്റ് പ്രസ്സിലെ മെഷീൻ വിഭാഗം സീനിയർ ഫോർമാനായ ശ്രീ.എം.പി.അനീഷ് കുമാർ, തിരുവനന്തപുരം സർക്കാർ മുദ്രനിർമ്മാണശാലയിലെ സീനിയർ ഫോർമാനായ ശ്രീ.കെ.എസ്.കൃഷ്ണജിത്ത് എന്നിവർ തങ്ങളുടെ ഓഫ്സെറ്റ് പ്രിന്റിംഗ് സൂപ്പർവൈസർ തസ്തികയിലേയ്ക്കുള്ള സ്ഥാനക്കയറ്റം പരിത്യജിക്കുന്നതിലേയ്ക്കായി പരാമർശം (3), (6) പ്രകാരം അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. തിരുവനന്തപുരം ഗവൺമെന്റ് സെൻട്രൽ പ്രസ്സിലെ സീനിയർ ഫോർമാനായ ശ്രീമതി.പി.ബി.ശാലിനി പരാമർശം (5) പ്രകാരം സമർപ്പിച്ച പരിത്യജിക്കൽ അപേക്ഷ പരാമർശം (7) പ്രകാരം പിൻവലിച്ചിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ ഗവൺമെന്റ് പ്രസ്സ് മണ്ണന്തല, ഗവൺമെന്റ് പ്രസ്സ് വാഴൂർ എന്നിവിടങ്ങളിലെ ഓഫ്സെറ്റ് പ്രിന്റിംഗ് സൂപ്പർവൈസർ തസ്തികയിലെ ഒഴിവുകളിലേയ്ക്ക് പരാമർശം (1) ലെ സീനിയോറിറ്റി ലിസ്റ്റ് പ്രകാരം മെഷീൻ വിഭാഗം സീനിയർ ഫോർമാൻ തസ്തികയിലെ ജീവനക്കാർക്ക് താഴെ പറയും പ്രകാരം സ്ഥാനക്കയറ്റം നൽകി ഉത്തരവാകുന്നു.

| ക്രമ നം. | പേര്/തസ്തിക/ഇപ്പോൾ ജോലി ചെയ്യുന്ന കാര്യാലയം | സ്ഥാനക്കയറ്റം നൽകുന്ന തസ്തിക/ശമ്പള സ്കെയിൽ | സ്ഥാനക്കയറ്റം നൽകി നിയമിക്കുന്ന കാര്യാലയം | ആരുടെ ഒഴിവിൽ |
|---|---|---|---|---|
| 1. | ശ്രീ.ഇ.പി.പ്രസാദ്, സീനിയർ ഫോർമാൻ (മെഷീൻ), ഗവൺമെന്റ് പ്രസ്സ്, മണ്ണന്തല | ഓഫ്സെറ്റ് പ്രിന്റിംഗ് സൂപ്പർവൈസർ (32300-68700) രൂപ | ഗവൺമെന്റ് പ്രസ്സ്, മണ്ണന്തല | ശ്രീ.ബി.ഗോപകുമാർ വിരമിച്ച ഒഴിവിൽ |
| 2. | ശ്രീമതി.പി.ബി.ശാലിനി, സീനിയർ ഫോർമാൻ (മെഷീൻ), ഗവ. സെൻട്രൽ പ്രസ്സ്, തിരുവനന്തപുരം. | ഓഫ്സെറ്റ് പ്രിന്റിംഗ് സൂപ്പർവൈസർ (32300-68700) രൂപ | ഗവൺമെന്റ് പ്രസ്സ്, വാഴൂർ | ശ്രീ.പി.എൻ. ജിനചന്ദ്രൻ വിരമിച്ച ഒഴിവിൽ |

മേൽ സ്ഥാനക്കയറ്റം നിലവിലുള്ള കോടതി വ്യവഹാരങ്ങളുടെ അന്തിമവിധിയ്ക്ക് വിധേയമായിരിക്കുമെന്നും ടി സ്ഥാനക്കയറ്റങ്ങൾ കോടതിവിധികളിലൂടെ/നിലവിലുള്ള ചട്ടങ്ങളുടെ ലംഘനമാണ് എന്ന് ബോധ്യപ്പെടുന്ന പക്ഷം ടി ജീവനക്കാർ സ്ഥാനയിറക്കത്തിന് വിധേയരായിരിക്കും.

സ്ഥാനക്കയറ്റം ലഭിച്ച ജീവനക്കാരെ ജോലിയിൽ നിന്നും വിടുതൽ ചെയ്യുന്നതിനും ജോലിയിൽ പ്രവേശിപ്പിക്കുന്നതിനുമുള്ള അടിയന്തിര നടപടികൾ അതാത് കാര്യാലയ മേധാവികൾ സ്വീകരിക്കേണ്ടതും ആ വിവരം ഈ കാര്യാലയത്തിൽ അറിയിക്കേണ്ടതുമാണ്. സ്ഥാനക്കയറ്റം ലഭിച്ച ജീവനക്കാർക്ക് നിയമാനുസൃതമായ ചേരുംകാലത്തിനും, യാത്രാബത്തയ്ക്കും അർഹതയുണ്ടായിരിക്കുന്നതാണ്.

ഒപ്പ്/-,

അച്ചടി വകുപ്പ് ഡയറക്ടർ.

ബന്ധപ്പെട്ട വ്യക്തികൾക്ക്.

പകർപ്പ്:- അച്ചടി വകുപ്പ് ഡയറക്ടറുടെ സിഎ./ഗവ.പ്രസ്സുകളുടെ സൂപ്രണ്ടിന്റെ സി.എ./
ഡെപ്യൂട്ടി സൂപ്രണ്ട് (ജനറൽ), ഗവൺമെന്റ് സെൻട്രൽ പ്രസ്സ്, തിരുവനന്തപുരം.
ഡെപ്യൂട്ടി സൂപ്രണ്ട്, ഗവൺമെന്റ് പ്രസ്സ്, മണ്ണന്തല./വാഴൂർ.
അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ./ സീനിയർ സൂപ്രണ്ട്./ഓഫീസ് മാനേജർ./
ജൂനിയർ സൂപ്രണ്ട്.ഇ.I., ജിസിപി.ഇ.II ., എ. III ./ ജിസിപി.ഇ.4 സീറ്റ്,
ഇ 8 സീറ്റ്, എ 11 സീറ്റ്./ഫയൽ./കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം,

സീനിയർ സൂപ്രണ്ട്.

ജെ.എസ്.